# വിജ്ഞാപനം

കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയിലെ ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിൽ "Certificate course on Hi – Tech Cultivation" എന്ന ട്രെയിനിങ് കോഴ്സിലേക്ക് കുറഞ്ഞത് SSLCയോഗ്യതയുള്ള യുവതി–യുവാക്കളെ (ഒഴിവുകൾ 25) പരിശീലനത്തിനായി തെരഞ്ഞെടുക്കുന്നു. താല്പര്യമുള്ളവർ അവരുടെ ബയോഡേറ്റയും, വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പികളും സഹിതം 31.07.2017 രാവിലെ 10 മണിക്ക് Hi-Tech Research & Training Unit, Instructional Farm, Vellanikkara യിലുള്ള ഓഫീസിൽ ഇന്റർവ്യുവിന് നേരിട്ട് ഹാജരാകണമെന്ന് അറിയിക്കുന്നു.

ദിനംതോറും ഹൈടെക് മേഖലയിൽ വളർന്നു വരുന്ന അനന്തസാധ്യതകളെ ഉപയോഗപ്രദമാക്കാൻ ആഗ്രഹിക്കുന്നവർക്കും ഹൈടെക് മേഖലയോടും കൃഷിയോടും അതുമായി ബന്ധപ്പെട്ട അനുബന്ധ ഘടകങ്ങളോടും താല്പര്യവുമുള്ള യുവതീയുവാക്കളെയാണ് ഈ കോഴ്സിലേക്ക് തെരഞ്ഞെടുക്കുന്നത്. പരിശീലന കാലാവധി ആറ് മാസമാണ്. പരീശീലന ഫീസ് 10,000/– രൂപയാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള അഗ്രി കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. കോഴ്സ് വിജയകരമായി പൂർത്തിയാകുന്നവർ സ്വയം ഹൈടെക് കൃഷി ചെയ്യുവാനോ മറ്റു ഗവൺമെന്റ് സ്ഥാപനങ്ങളിലോ സ്വകാര്യ വ്യക്തികളോ സ്ഥാപനങ്ങളോ ചെയ്യുന്ന ഹൈടെക് കൃഷികളിലോ സൂപ്പർവൈസറോ/കൺസൾട്ടന്റോ ആയി ജോലി നോക്കാനോ കഴിയുന്ന രീതിയിൽ പ്രാപ്തരാകുന്നതാണ്. ഹരിതഗൃഹ നിർമ്മാണം ഹൈടെക് രീതിയിൽ തൈകളുടെ (പച്ചക്കറിയുടേയും പൂച്ചെടിയുടേയും) ഉത്പാദനം, ജൈവ വളങ്ങളുടേയും, ജൈവകീടനാശിനിയുടേയും ജീവാണു വളങ്ങളുടേയും ഉപയോഗവും, നിർമ്മാണവും, യന്ത്രവൽകൃത കൃഷി, ഗ്രാഫ്റ്റിങ്ങ്, ബഡ്ഡിങ്ങ്, ലെയറിങ്ങ്, അക്വാപോണിക്സ് ആന്റ് ഹൈഡ്രോപോണിക്സ് കൃഷി രീതി, ഹരിതഗൃഹങ്ങളിലെയും കൃത്യത കൃഷികളിലേയും ചെടികളുടെ പരിപാലനം , ചെടികളിലെ വളപ്രയോഗം, രോഗ കീട നിയന്ത്രണം തുടങ്ങി വിവിധ മേഖലകളിൽ ആത്മ വിശ്വാസത്തോടുകൂടി പുതിയ സംരംഭങ്ങൾ തുടങ്ങാനും മറ്റുള്ളവർക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനും കഴിയും വിധം പ്രാപ്തരാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **7025498850** എന്ന നമ്പറിൽ ബന്ധപ്പെടുക.